**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **30-01-2024 - ൽ മറുപടിയ്ക്ക്**

**വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള തുക സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നൽകി വരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ വിവിധ ക്ഷേമ പെൻഷനുകൾ എന്നിവയ്ക്ക് ഈ സാമ്പത്തിക വർഷം എത്ര രൂപയാണ് ചെലവ് പ്രതീക്ഷിച്ചിരുന്നത്; | (എ) | തദ്ദേശ സ്വയംഭരണ സർക്കാർ വഴി നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസ വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തനത്ഫണ്ട് ഉപയോഗിച്ച് ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകൾ എന്നിവയാണ് സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ ഗണത്തിൽപ്പെടുന്നത്. ഇതിൽ തദ്ദേശ സ്വയംഭരണ സർക്കാർ വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് ഈ സാമ്പത്തിക വർഷം (2023-24) 10537,13,14,600/- രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾക്ക് ഈ സാമ്പത്തിക വർഷം (2023-24) 1437,73,52,200/- രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം- 2 ആയി ചേർക്കുന്നു.<br><br>2023-24 സാമ്പത്തിക വർഷം, സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ നൽകുന്നതിന് 5,40,00,000/- രൂപയും, അവശകലാകാര പെൻഷൻ നൽകുന്നതിന് 24,96,000/- രൂപയും, തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ |

| | | | |
|---|---|---|---|
| | | | തൊഴിലാളി പെൻഷൻ നൽകുന്നതിനായി 4,04,01,600/- രൂപയും ചെലവ് വരുന്നതാണ്.<br><br>കായിക യുവജനകാര്യ വകുപ്പ് മുഖേന സർക്കസ് പെൻഷൻ 1044 ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 2023-24 സാമ്പത്തിക വർഷം 1,66,10,400/- രൂപയും അവശ കായികതാര പെൻഷൻ അനുവദിക്കുന്നതിനായി 17,60,300/- രൂപയും ചെലവ് വരുന്നതാണ്. പിന്നാക്ക വിഭാഗം വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം 53,38,400/- രൂപ ചെലവ് വരുന്നതാണ്.<br><br>കൂടാതെ തനത്ഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന 13 ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം ചെലവു വരുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർക്കുന്നു. |
| (ബി) | 2023 ഡിസംബർ വരെ പ്രസ്തുത പെൻഷനുകൾക്കായി കേന്ദ്രസർക്കാർ സഹായമായി എത്ര രൂപ ലഭിച്ചു; ഇനി കിട്ടാനുള്ള കേന്ദ്ര വിഹിതം എത്ര; വിശദമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തിന്റെ നാലാം പാദം, 2021-22 സാമ്പത്തിക വർഷം, 2022-23 സാമ്പത്തിക വർഷം, 2023-24 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം വരെയുള്ള കേന്ദ്രവിഹിതം കുടിശ്ശിക തുകയായ 602 കോടി രൂപ നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടതിന്റെ ഫലമായി 2023 ഒക്ടോബർ മാസത്തിൽ മാത്രമാണ് കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കേന്ദ്രവിഹിതമുൾപ്പടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ മുൻകൂറായി വിതരണം ചെയ്ത 48,61,79,600/രൂപ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്; | (സി) | നിലവിൽ 2023-24 സാമ്പത്തിക വർഷത്തിലെ കണക്കനുസരിച്ച് 2023 നവംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | 2023-24 ൽ മദ്യത്തിനും, പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. ഇത് ഒരു മാസത്തെ പെൻഷൻ നൽകുന്നതിന് പര്യാപ്തമല്ല. |

സെക്ഷൻ ഓഫീസർ

| അനുബന്ധം -1 | | | |
|---|---|---|---|
| Sl No | Year and Month | G.O Details | Amount |
| 1 | 2023 January | സ.ഉ(സാധാ) നം. 2931/2023/ധന. തീയതി 10.04.2023 | 7507879300 |
| 2 | 2023 February | സ.ഉ(സാധാ) നം. 2931/2023/ധന. തീയതി 10.04.2023 | 7531399300 |
| 3 | 2023 January , February Redis | സ.ഉ(സാധാ) നം. 3679/2023/ധന. തീയതി 16.05.2023 | 7622000 |
| 4 | 2023 March | സ.ഉ(സാധാ) നം. 4368/2023/ധന. തീയതി 08.06.2023 | 7505552000 |
| 5 | Arumughan Arrear Sep-2017 to March-2018 | സ.ഉ(സാധാ) നം. 4377/2023/ധന. തീയതി 09.06.2023 | 3500 |
| 6 | 2023 March Balance | സ.ഉ(സാധാ) നം. 4728/2023/ധന. തീയതി 20.06.2023 | 39345400 |
| 7 | 2023 March DS Pending | സ.ഉ(സാധാ) നം. 108/2023/ധന. തീയതി 13.07.2023 | 1759200 |
| 8 | 2023 April | സ.ഉ(സാധാ) നം. 5273/2023/ധന. തീയതി 13.07.2023 | 7557417500 |
| 9 | 2023 May | സ.ഉ(സാധാ) നം. 5953/2023/ധന. തീയതി 11.08.2023 | 7570382900 |
| 10 | 2023 June | സ.ഉ(സാധാ) നം. 5953/2023/ധന. തീയതി 11.08.2023 | 7605680700 |
| 11 | 2023 July | സ.ഉ(സാധാ) നം. 8019/2023/ധന. തീയതി 16.11.2023 | 6671545600 |
| 12 | 2023 August | സ.ഉ(സാധാ) നം. 8967/2023/ധന. തീയതി 19.12.2023 | 6671590900 |
| | | **ആകെ അനുവദിച്ചത്** | **58670178300** |
| | | | |
| | | 2024 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണത്തിന് ആവശ്യമായ തുക . (ആഗസ്റ്റ് മാസത്തെ അടിസ്ഥാനമാക്കി 6671590900*7) | **46701136300** |
| | | സാമ്പത്തിക വർഷം ആകെ പ്രതീക്ഷിക്കുന്നത് | **105371314600** |

| അനുബന്ധം 2 | | | |
|---|---|---|---|
| ക്ഷേമനിധി ബോർഡ് പെൻഷനുകൾ | | | |
| നം. | കാലയളവ് | സർക്കാർ ഉത്തരവ് | അനുവദിച്ച തുക |
| 1 | 2023 ജനുവരി | സ ഉ (സാധാ )2930/2023/ധനം തീയതി: 10.04.2023 | 1053098300 |
| 2 | 2023 ഫെബ്രുവരി | സ ഉ (സാധാ )2930/2023ധനം തീയതി: 10.04.2024 | 1056312500 |
| 3 | 2023 മാർച്ച് | സ ഉ (സാധാ )4369/2023/ധനം തീയതി:08.06.2023 | 1059251100 |
| 4 | 2023 ഏപ്രിൽ | സ ഉ (സാധാ )5274/2023/ധനം തീയതി:13.07.2023 | 1057015600 |
| 5 | 2023 മെയ് | സ ഉ (സാധാ )5946/2023/ധനം തീയതി: 11.08.2023 | 1057928600 |
| 6 | 2023 ജൂൺ | സ ഉ (സാധാ )5946/2023/ധനം തീയതി: 11.08.2024 | 1061194900 |
| 7 | 2023 ജൂലൈ | സ ഉ (സാധാ )8053/2023/ധനം തീയതി:17.11.2023 | 852214300 |
| 8 | 2023 ജൂലൈ പുനർവിതരണം | സ ഉ (സാധാ )8419/2023/ധനം തീയതി:30.11.2023 | 27784100 |
| 9 | 2023 ആഗസ്റ്റ് | സ ഉ (സാധാ )8966/2023/ധനം തീയതി: 19.12.2023 | 894069100 |
| **ആകെ അനുവദിച്ചത്** | | | **8118868500** |
| | | 2024 മാർച്ച് മാസം വരെയുള്ള പെൻഷൻ വിതരണത്തിന് ആവശ്യമായ തുക . (ആഗസ്റ്റ് മാസത്തെ അടിസ്ഥാനമാക്കി 894069100*7) | **6258483700** |
| | | സാമ്പത്തിക വർഷം ആകെ പ്രതീക്ഷിക്കുന്നത് | **14377352200** |

| | അനുബന്ധം 3 | |
|---|---|---|
| നം. | ക്ഷേമനിധി ബോർഡുകൾ | ചെലവ് |
| 1 | കേരള ചുമട്ട് തൊഴിലാളി ക്ഷേമ നിധി ബോർഡ് അൺ അറ്റാച്ച്ഡ് വിഭാഗം | 402542560 |
| 2 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 35000000 |
| 3 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 8000000000 |
| 4 | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | 185038500 |
| 5 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ് വെൽഫെയർ ഫണ്ട് ബോർഡ് | 400000000 |
| 6 | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | 366066000 |
| 7 | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 911000000 |
| 8 | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 39540000 |
| 9 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫയർ ഫണ്ട് ബോർഡ് | 104521600 |
| 10 | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | 13000000 |
| 11 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 1935700000 |
| 12 | കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് -സ്ക്രൈബ്സ് ആന്റ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 2400000 |
| 13 | കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 50000000 |
| ആകെ | | 12444808660 |